ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യം വായിച്ചുനോക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. കേന്ദ്രത്തിലേയ്ക്ക് ഉള്ള കടബാദ്ധ്യതയെക്കുറിച്ചുള്ളതാണ് ഈ ചോദ്യം.

സ്വകാര്യ മാനേജ്മെൻറ് വിദ്യാലയങ്ങളുടെ വികസന പ്രവർത്തനം

*320 [337] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയ വികസന പ്രവർത്തനത്തിനുവേണ്ടി നടത്തുന്ന കേരളാ ഗവൺമെൻറ് ലോട്ടറിയിൽ നിന്നും ലഭ്യമാകുന്ന സംഖ്യയിൽ ഒരു വിഹിതം സ്വകാര്യമാനേജ്മെൻറ് നടത്തുന്ന വിദ്യാലയങ്ങളുടെ വികസന പ്രവർത്തനത്തിനുവേണ്ടി നൽകുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ഈ ലോട്ടറിയിൽ നിന്ന് ലഭ്യമാകുന്ന തുക ഗവൺമെൻറ് വിദ്യാലയങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതുകൊണ്ട് നിവൃത്തിയില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഭാഗ്യക്കുറിയിൽനിന്നും ഗണ്യമായ സംഖ്യ സ്വകാര്യ മാനേജ്മെൻറുകൾ നടത്തുന്ന സ്കൂളുകളിൽനിന്നുമാണ് കളക്റ്റു ചെയ്തത് എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ സ്വകാര്യ വിദ്യാലയങ്ങൾക്കു കൂടി ഇതിൻെറ പോർഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സ്വകാര്യ വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി ഇതിൽനിന്നും പണം കൊടുക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. ഇത് തുടങ്ങിയപ്പോൾതന്നെ പറഞ്ഞിട്ടുണ്ട് ഗവൺമെൻറ് സ്കൂളുകൾക്ക് വേണ്ടിയാണെന്ന്.

ശ്രീ. പി. സി. ജോസഫ്: ലോട്ടറിയിൽനിന്നും കിട്ടുന്ന പണം ഉപയോഗിച്ച് ഇപ്പോൾ കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ നിവൃത്തിയില്ലെന്നു സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള എല്ലാ ഗവൺമെൻറ് സ്കൂളുകളുടേയും മെയിൻറനൻസ് പൂർത്തിയാക്കുവാൻ തികയുമെന്നാണോ കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇത് സ്കൂളുകളുടെ മെയിൻറനൻസിനുവേണ്ടിയുള്ളതല്ല. ഇത് ബിൽഡിംഗ് കൺസ്ട്രക്ഷനു വേണ്ടിയുള്ളതാണ്. ഈ പണം മാത്രമല്ല അതിനുള്ളത് വേറെയും പണം ഗവൺമെൻറ് കാണണം.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ലോട്ടറി ടിക്കറ്റ് ഏറ്റവും കൂടുതലായി വിൽക്കുന്ന സ്കൂളിനു വേണ്ടി പ്രോൽസാഹന സമ്മാനം നൽകുകയാണെങ്കിൽ ലോട്ടറി ആദായകരമാക്കാൻ കഴിയുമെന്നു ഗവൺമെൻറ് കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ലോട്ടറിയുടെ സമയം കഴിഞ്ഞല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബി. ആർ. പിള്ള: ലോട്ടറി ടിക്കറ്റുകൾ വിദ്യാലയങ്ങളിൽ കൂടി വിതരണം ചെയ്യുന്നത് ശരിയല്ലായെന്നു പറഞ്ഞുകൊണ്ട് ഏതെങ്കിലും എജൻറ് ബുദ്ധിമുട്ട് പ്രകടിപ്പിച്ച വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെ വല്ല നിവേദനവും ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇതുകൊണ്ട് ആർക്കെല്ലാം ബുദ്ധിമുട്ടുണ്ടായാലും ശരി വിദ്യാലയങ്ങളുണ്ടാക്കുവാൻ വേണ്ടിയായതു കൊണ്ട് വിദ്യാലയങ്ങൾ താൽപ്പര്യം കാണിച്ചുവെന്നേയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: ലോട്ടറിയിൽ നിന്നും ലഭിച്ചിട്ടുള്ള തുക പുതിയ വിദ്യാലയങ്ങൾ നിർമ്മിക്കുവാൻ വേണ്ടിയാണെന്നു പറഞ്ഞു. ഇപ്പോൾ കിട്ടിയ തുകയ്ക്കു പുറമേ എത്ര രൂപ കൂടിയുണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷ.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മൊത്തം 58 കോടി രൂപ വേണമെന്നാണ് കണക്ക്. എന്നാൽ ഇപ്പോൾ കിട്ടിയത് 27 ലക്ഷം രൂപ മാത്രമാണ്.

ശ്രീ. എം. വി. രാഘവൻ: ഗവൺമെൻറ് സ്കൂളുകൾക്കു വേണ്ടിയാണ് ഈ ലോട്ടറി സംഖ്യ ഉപയോഗിക്കുന്നതെന്നു പറഞ്ഞ് പഞ്ചായത്തുകളും ലോക്കൽ ബോഡികളും നടത്തുന്ന സ്കൂളുകൾക്ക് കൂടി ഇതുപയോഗിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ സി. എച്ച്. മുഹമ്മദ് കോയ: ഈ സംഖ്യ പിരിക്കുന്നതിനു മുമ്പേ ഇന്നതിനുപയോഗിക്കുമെന്നു പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്കൂളിനു വേണ്ടി നടത്തിയിട്ടുള്ള ലോട്ടറിയുടെ ഒന്നാം സമ്മാനം ആർക്കാണെന്നു ഇതുവരെ അറിയിച്ചിട്ടില്ലെന്നുള്ള വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. കെ. സി. വാമദേവൻ: വിദ്യാലയങ്ങൾക്കു വേണ്ടി നടത്തപ്പെട്ട ലോട്ടറിയിൽ അതുമായി സഹകരിക്കേണ്ടായെന്ന് ഏതെങ്കിലും അദ്ധ്യാപക സംഘടനകളോ വിദ്യാർത്ഥി സംഘടനകളോ തീരുമാനിച്ചിട്ടുണ്ടായിരുന്നോ, ഉണ്ടെങ്കിൽ അതിൻറെ അടിസ്ഥാനത്തിൽ ടിക്കറ്റിൻറെ വിലപനയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സഹകരണം വേണ്ടത്ര ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ഇത്രയും ചുരുങ്ങിയ സംഖ്യ പിരിഞ്ഞത്.

ശ്രീ. പി. സീതിഹാജി: ഈ ലോട്ടറി നടത്തിയത് വിദ്യാഭ്യാസ വകുപ്പ് ആണോ അതോ ലോട്ടറി ഡിപ്പാർട്ടുമെൻറ് ആണോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ലോട്ടറി ഡിപ്പാർട്ടുമെൻറ് ആണ് നടത്തിയത്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: നാട്ടുകാർ ഇരുപത്തയ്യായിരം രൂപ വരെ പിരിച്ചു കൊടുക്കുകയും സ്കൂളിനാവശ്യമായ സ്ഥലം നൽകുകയും ചെയ്തിട്ടുള്ള കേസ്സുകൾ ഇടുക്കി ജില്ലയിലുണ്ട്. ഈ തുക വിനിയോഗിച്ചുകൊണ്ട് അങ്ങനെയുള്ള സ്കൂളുകൾക്കാവശ്യമായ കെട്ടിടം പണിയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെയുള്ള എല്ലാ സ്കൂളുകളും ഈ പണം കൊണ്ട് പണിയാൻ സാധ്യമല്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ തുക ഉപയോഗിച്ച് കെട്ടിടം പണിയുന്ന പ്രവർത്തി ചില ജില്ലകളിൽ മാത്രമായി ഒതുക്കി നിറുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സ്കൂൾ കെട്ടിടം മോശമായ എല്ലാ സ്ഥലങ്ങളിലും കെട്ടിടം പണിയുവാൻ വേണ്ടി ഈ തുക വിനിയോഗിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: 27 ലക്ഷം രൂപ എന്നുള്ളത് വളരെ പരിമിതമാണ്. അതുകൊണ്ട് എട്ടോ പത്തോ സ്കൂളുകളേ ഉണ്ടാക്കുവാൻ കഴിയൂ. ഈ തുക ഏതെങ്കിലും ജില്ലകൾക്ക് മാത്രമായി ഒതുക്കി നിറുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: സ്ക്കൂളുകൾ നിർമ്മിക്കുന്നതിനു വേണ്ടി നടത്തിയ ലോട്ടറിയിൽ നിന്നും 27 ലക്ഷം രൂപ കിട്ടിയെന്നു പറഞ്ഞു. മറ്റു ലോട്ടറികളെ അപേക്ഷിച്ച് കൂടുതലാണെന്നാണ് കണക്ക്. അതുകൊണ്ട് 8, 10 സീരീസ് ആയി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. പി. രാമൻ: വിദ്യാലയങ്ങൾ മുഖേന ലോട്ടറി ടിക്കറ്റ് വിൽക്കുന്നതിനെ ചില അദ്ധ്യാപകർ എതിർത്തിരുന്നു. അത്തരം അദ്ധ്യാപകരുടെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇല്ല.

ശ്രീ. ഇ. പി. ഗോപാലൻ: 58 കോടി രൂപ ചെലവുള്ളതിന് 27 ലക്ഷം രൂപയാണ് ലോട്ടറിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി സംഖ്യ കൂടി ഉണ്ടാക്കി കെട്ടിടം നിർമ്മിക്കുവാനുള്ള പരിപാടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: കിട്ടിയ സംഖ്യ കുറവാണെന്നറിയാം. ബാക്കി സംഖ്യ എങ്ങനെ സ്വരൂപിക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

## ഗ്രാൻറുകളും സംഭാവനകളും നൽകിയതിൽ നിയമലംഘനങ്ങൾ

*321 [338] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
ശ്രീ. കെ. എസ് നാരായണൻ നമ്പൂതിരി:
ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly